നമ്പർ: ICPS-1/ 22514 /15 സംയോജിത ശിശു സംരക്ഷണ പദ്ധതി കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 18.01.2016

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS- ഉപേക്ഷിക്കപ്പെട്ട കുട്ടികൾ എന്ന രീതിയിൽ പരിഗണിക്കുന്ന കുഞ്ഞുങ്ങളെക്കുറിച്ച് പത്രപ്പരസ്യം നൽകുന്നത് - സംബന്ധിച്ച്

സൂചന:- തൃശ്ശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാന്റെ 22.10.2015 ലെ CWC/TSR/ABN-8/2015 നമ്പർ കത്ത്

ഉപേക്ഷിയ്ക്കപ്പെട്ട കുട്ടികളെ സംബന്ധിച്ച് പത്രപ്പരസ്യം നൽകുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് തൃശ്ശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു.

ഐ.സി.പി.എസ് ഗൈഡ്ലൈൻ പ്രകാരം, അഡോപ്ഷൻ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയെയും സെൻട്രൽ അഡോപ്ഷൻ അതോറിറ്റിയേയും സഹായിക്കുക, ഉപേക്ഷിക്കപ്പെട്ട കുട്ടിയെ സംബന്ധിച്ച വിവരം പത്രങ്ങളിൽ പരസ്യം ചെയ്യുക, കുട്ടികളുടെ പുന:രധിവാസവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ സഹായിക്കുക തുടങ്ങിയവ ഡി.സി.പി.യു.കളുടെ ചുമതലകളാണ്.

ആയതിനാൽ CARA ഗൈഡ്ലൈൻ ഖണ്ഡിക 6 (5) പ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സംബന്ധിച്ച് സംസ്ഥാന തലത്തിൽ പ്രചാരമുള്ള ഒരു പത്രത്തിൽ പരസ്യം നൽകുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ (കുട്ടിയെ ലഭിച്ച് 72 മണിക്കൂറിനുള്ളിൽ) സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ ഫണ്ട് ഡി.സി.പി.ഒ. മാർക്ക് അനുവദിച്ചു നൽകിയിട്ടുള്ള Contingency component ൽ നിന്നും വഹിക്കാവുന്നതുമാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, കളമശ്ശേരി.
3. എല്ലാ CWC ചെയർമാൻമാർക്കും